പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 373 13-10-2026-ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ത്രഫാൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഓപ്പറേഷൻ ത്രഫാൻ പദ്ധതിയിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

മറുപടി: ഓപ്പറേഷൻ ത്രഫാൻ പദ്ധതിയുടെ ഭാഗമായി 05/10/2026-ാം തിയതി വരെ 12,050 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

ലഹരിക്കെതിരായ പോരാട്ടത്തിൽ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, വ്യാപാരികൾ, അതിഥി തൊഴിലാളികൾ, സാമൂഹിക-മത സംഘടനകൾ എന്നിവരെ ഒരുമിപ്പിക്കുന്ന 'ത്രഫാൻ ജാഗരൺ' എന്ന ജനകീയ ബോധവൽക്കരണ-പങ്കാളിത്ത പരിപാടി നടത്തി. ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി അറിയിക്കുന്നതിനായി 9497979794, 9497927797 എന്ന നമ്പറുകളിൽ വിളിക്കാവുന്നതിനും, 9995966666 എന്ന നമ്പരിൽ Whatsapp ചെയ്യാവുന്നതിനുമായി സൗകര്യമൊരുക്കി.

Interstate Coordination യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ തമിഴ്നാട്, പുതുച്ചേരി സംസ്ഥാനങ്ങളിലെ ഡി.ജി പിമാരും, കർണ്ണാടക, തെലുങ്കാന, ആന്ധ്രാ പ്രദേശ് തുടങ്ങിയ അയൽ സംസ്ഥാനളിലെ മറ്റു ഉന്നത പോലീസ് ഉദ്യോഗസ്ഥരും, കൂടാതെ കേരളത്തിലെ ഡി.ജി.പി മുതൽ ഐ.ജി മാർ വരെയുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തിട്ടുള്ളതാണ്. ഓരോ ഏജൻസികളും ഓപ്പറേഷൻ ത്രഫാനുമായി പ്രവർത്തനം ഏകോപിപ്പിക്കുവാൻ പ്രത്യേകം നോഡൽ ഓഫിസർമാരെ നിയോഗിച്ചിട്ടുമാണ്.

ലഹരി ഉപയോഗം മൂലം ബുദ്ധിമുട്ടുന്ന വ്യക്തികൾക്ക് ആവശ്യമായ ചികിത്സ, കൗൺസിലിംഗ്, പുനരധിവാസ സഹായം എന്നിവ ഉറപ്പാക്കുന്നതിനായി പോലിസും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും സഹകരിച്ച് പ്രവർത്തിക്കുന്ന 'ളഹാൻ കെയർ' എന്ന സംവിധാനം ഒരുക്കി. പോലിസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസവകപ്പു; യുവജനസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, റസിഡന്റസ് അസോസിയേഷനുകൾ, എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധ വൽക്കരണ പരിപാടികൾ സംഘടപ്പിച്ച് സമൂഹത്തിൽ ശക്തമായ സന്ദേശം എത്തിച്ചു.

ലഹരി ഉപയോഗത്തിന് അടിമപ്പെട്ടവരെ ചികിതസയിലേക്കും പുനരധിവാസ പദ്ധതികളിലേക്കും എത്തിക്കുന്നതിനുള്ള ഏകോപിത നടപടികൾ ശക്തിപ്പെടുത്തി.

സ്കൂൾ - കോളേജ് പരിസരങ്ങളിൽ ശക്തമായ നിരീക്ഷണവും പരിശോധനയും ഏർപ്പെടുത്തിയതോടെ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ലഹരി വിൽപ്പനയും വിതരണവും ഗണ്യമായി തടയാൻ സാധിച്ചു. ഓപ്പറേഷൻ ളഹാനിലൂടെ സംസ്ഥാനത്തുടനീളം വ്യാപക പരിശോധനകളും രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള റെയ്ഡുകളും നടത്തി നിരവധി ലഹരി കടത്ത് ശൃംഖലകൾ കണ്ടെത്തി തകർക്കാൻ സാധിച്ചു.

(ബി) ലഹരിക്കെതിരായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലും കലാലയങ്ങളിലും വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

മറുപടി: പോലീസ്, ആരോഗ്യവകപ്പ്; വിദ്യാഭ്യാസ വകപ്പ് എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, യുവജന സംഘടനകൾ എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സ്കൂളുകളുടേയും കോളേജുകളുടെയും 100 മീറ്റർ ചുറ്റളവിൽ ലഹരിവിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിരിക്ഷണവും പരിശോധനയും ഉറപ്പാക്കുന്നതിനായി സേഫ് കാമ്പസ് സോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെയും കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ളഹാൻ കെയർ പദ്ധതിയുടെ ഭാഗമായി ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കുറ്റവാളികളായി കാണാതെ, അവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ച് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകി വരുന്നു.

ഓപ്പറേഷൻ ളഫാൻ പദ്ധതി കൂടുതൽ ജനകിയമാക്കുന്നതിനായി ഓപ്പറേഷൻ ളഫാൻ 2.0 എന്ന പദ്ധതി 'ളഫാൻ തദ്ദേശം' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. പോലീസിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനം എന്നതിലുപരി, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സമഗ്രമായ ലഹരിവിരുദ്ധ ജനകീയ മുന്നേറ്റമാണിത്. പോലിസിന്റെ നിയമപാലന സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയ ശൃംഖലയും വിവിധ വകുപ്പുകളുടെ പിന്തുണയും ഏകോപിപ്പിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ പോലിസ് സ്റ്റേഷനുകളിൽനിന്ന് വാർഡുകളിലേക്കും വീടുകളിലേക്കും സ്കൂളുകളിലേക്കും കോളേജുകളിലേക്കും തൊഴിൽസ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ഓപ്പറേഷൻ ളഫാനുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: ഓപ്പറേഷൻ ളഫാനുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1 വാർഡ് തല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക.

2. ലഹരി ഉപയോഗത്തിലേക്ക് വഴുതിപ്പോകാൻ സാധ്യതയുള്ള വ്യക്തികളെയും ഇതിനകം ലഹരി ഉപയോഗിക്കുന്നവരെയും പ്രാദേശിക തലത്തിൽ നേരത്തേ കണ്ടെത്തി ആവശ്യമായവരെ പോലീസ്, ആരോഗ്യവകുപ്പ്; ഡി-അഡിക്ഷൻ/ കൗൺസിലിംഗ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുക.

3. കുടുംബശ്രീ യൂണിറ്റുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ യുവജന സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

4. ലഹരി വ്യാപനം സംബന്ധിച്ച പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാര നപടികൾ ആസൂത്രണം ചെയ്യുന്നതിനുമായി പ്രത്യേക ഗ്രാമസഭകൾ ജനകീയ യോഗങ്ങൾ സംഘടിപ്പിക്കുക.

5, ഓരോ പ്രദേശത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തി പ്രാദേശികതല പ്രവർത്തനപദ്ധതി തയ്യാറാക്കുക.

6. തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തതോടെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, വിദ്യാർത്ഥി-രക്ഷാകർതൃ

യോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

7. വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗത്തിന്റെ സാധ്യതകൾ നേരത്തേ തിരിച്ചറിഞ്ഞ് ആവശ്യമായ ഇടപെടലുകൾ നടത്തുക.

8. ലഹരി ഉപയോഗിക്കുന്ന വ്യക്തികളെ ശിക്ഷാ നടപടികളിൽ മാത്രം ഒതുക്കാതെ ആവശ്യാനുസരണം കൗൺസിലിംഗ്, ചികിത്സ, ഡി- അഡിക്ഷൻ, പുനരധിവാസ സേവനങ്ങളിലേക്ക് എത്തിക്കുക.

9. പുനരധിവാസത്തിനു ശേഷമുള്ള സാമൂഹിക പുന:സംയോജനം ഉറപ്പാക്കുന്നതിനും പ്രാദേശിക സംവിധാനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുക.

10. വാർഡ് തലത്തിൽ ലഭിക്കുന്ന വിവരങ്ങൾ ജനമൈത്രി പോലിസ് /ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളുമായി പങ്കുവെച്ച് ലഹരി വിൽപ്പന, വിതരണം, ഉപയോഗം എന്നിവയ്ക്കെതിരെ നിയമനടപടി ശക്തിപ്പെടുത്തുക.

11 ഓരോ വാർഡിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായ 12 മാസത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

സെക്ഷൻ ഓഫിസർ